# പതിനൊന്നാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

ബുള്ളറ്റിൻ – ഭാഗം 1
(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2002 മാർച്ച് 15, വെള്ളി

നമ്പർ 53

രാവിലെ 9.00 മണിയ്ക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

**അടിയന്തിര പ്രമേയം**

2002 മാർച്ച് 14–ന് പത്തനംതിട്ട ജില്ലയിൽ മലയാലപ്പുഴ ക്ഷേത്ര പരിസരത്തു നടന്ന പോലീസ് ലാത്തിച്ചാർജിനെ തുടർന്ന് ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതി വിശേഷത്തെപ്പറ്റി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടു കൊണ്ട് ശ്രീ. രാജു എബ്രഹാമും മറ്റ് അഞ്ചംഗങ്ങളും ഒരു അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ശ്രീ. അടൂർ പ്രകാശിന് ഈ വിഷയം സംബന്ധിച്ച് സംസാരിയ്ക്കുവാൻ സ്പീക്കർ പ്രത്യേക അനുമതി നൽകി)

**ശ്രദ്ധക്ഷണിക്കൽ:–**

1. കോഴിക്കോട് ജില്ലയിലെ അംപായത്തോട് മിച്ചഭൂമിയിൽ താമസക്കാരായ കുടുംബങ്ങളെ ഒഴിപ്പിക്കാനുള്ള നടപടികൾ നിർത്തിവയ്ക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ മത്തായി ചാക്കോ മുഖ്യമന്ത്രിയുടെ ശ്രദ്ധക്ഷണിച്ചു. മുഖ്യമന്ത്രി അതു സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.
2. സംസ്ഥാനത്തെ ക്ഷീരകർഷകർ നേരിടുന്ന ബുദ്ധിമുട്ടുകളിലേക്ക് ശ്രീ. പി. ജെ. ജോയി കൃഷിയും കയറും വകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിച്ചു. മന്ത്രി അതു സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(പ്രതിപക്ഷ നേതാവ് ഉന്നയിച്ച ഒരു സബ്മിഷന് ധനകാര്യ മന്ത്രി നൽകിയ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നും ഇറങ്ങി പ്പോയി.)

**മേശപ്പുറത്ത് വച്ച കടലാസ് :**

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വച്ചു.

1. G.O.(Rt) No.344/2002/Home dated 11th March, 2002 (S.R.O. No. 132/2002)
2. Annual Report & Accounts of Kerala Small Industries Development Corporation Ltd. for the year 1997-98 together with statement showing the reasons for delay in submitting the same.
3. Annual Report of Kerala. Electrical & Allied Engineering Company Limited for the year 1999-2000 together with statement showing the reasons for delay in submitting the same
4. The Report of the Comptroller and Auditor General of India for the year ended 31st March 2001 (Commercial)
5. The Report of the Comptroller and Auditor General of India for the year ended 31st March 2001 (Civil).

**അവകാശലംഘന പ്രശ്നം :**

അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് നൽകിയിരുന്ന താഴെപ്പറയുന്ന നോട്ടീസുകൾക്ക് അനുമതി നിഷേധിച്ചതായി സ്പീക്കർ സഭയെ അറിയിച്ചു.

1. 2001 ഒക്ടോബർ 15–ന് ഉന്നയിച്ച ഒരു സബ്മിഷന് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി നൽകിയ മറുപടി വാസ്തവ വിരുദ്ധമാണെന്ന് ആരോപിച്ചുകൊണ്ട് അദ്ദേഹത്തിനെതിരെ ശ്രീ. ടി. കെ. ബാലൻ നൽകിയ നോട്ടീസ്.

2. 2001 നവംബർ 23–ന് ഉന്നയിച്ച ഒരു സബ്മിഷന് ഫിഷറീസും ടൂറിസവും വകുപ്പു മന്ത്രി നൽകിയ മറുപടി സഭയെ തെറ്റിദ്ധരിപ്പിക്കുന്നതിനുദ്ദേശിച്ചുള്ളതാണെന്ന് ആരോപിച്ചുകൊണ്ട് ശ്രീ. പി.സി. ജോർജ് നൽകിയ നോട്ടീസ്.

താഴെപ്പറയുന്ന നോട്ടീസുകൾ ചെയറിന്റെ പരിഗണനയിലാണെന്ന് സ്പീക്കർ സഭയെ അറിയിച്ചു.

1. 2001 ഡിസംബർ 7–ന് ഒരു സബ്മിഷന് മറുപടി പറയവെ ധനകാര്യവകുപ്പു മന്ത്രി തെറ്റായ വിവരങ്ങൾ നൽകിയെന്ന് ആരോപിച്ചുകൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. കെ. വി. രാജേന്ദ്രൻ എന്നിവർ നൽകിയ നോട്ടീസുകൾ

2. പതിനൊന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ അയച്ചുകൊടുത്ത 2001–ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബില്ലിൽ മാറ്റങ്ങൾ വരുത്തിയെന്നാരോപിച്ച് കൃഷിയും കയറും വകുപ്പു മന്ത്രിക്കെതിരെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ നൽകിയ നോട്ടീസ്.

**<u>അനൗദ്യോഗികാംഗങ്ങളുടെ കാര്യം :</u>**

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2)

1. ശ്രീ. കെ. പി. രാജേന്ദ്രൻ, അദ്ദേഹം നോട്ടീസ് നൽകിയ 2001–ലെ കേരള നെൽകൃഷി വികസന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഹ്രസ്വമായ ഒരു പ്രസ്താവന ചെയ്യാൻ സ്പീക്കർ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

2. ശ്രീ. കെ. പി. രാജേന്ദ്രൻ, അദ്ദേഹം നോട്ടീസ് നൽകിയ 2001–ലെ കേരള സംസ്ഥാന ക്ളോസ്ഡ് ഫാക്ടറി വർക്കേഴ്സ് സമാശ്വാസ നിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഹ്രസ്വമായ ഒരു പ്രസ്താവന ചെയ്യാൻ സ്പീക്കർ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

3. ശ്രീ. എം. മുരളി, അദ്ദേഹം നോട്ടീസ് നൽകിയ 2001–ലെ കേരള സംസ്ഥാന സമ്പൂർണ്ണ മദ്യ നിരോധന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഹ്രസ്വമായ ഒരു പ്രസ്താവന ചെയ്യാൻ സ്പീക്കർ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.
4. ശ്രീ. എം. മുരളി, അദ്ദേഹം നോട്ടീസ് നൽകിയ 2001–ലെ കേരള വൃദ്ധജന സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഹ്രസ്വമായ ഒരു പ്രസ്താവന ചെയ്യാൻ സ്പീക്കർ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

5. ശ്രീ. എം. മുരളി, അദ്ദേഹം നോട്ടീസ് നൽകിയ 2001–ലെ കേരള സിവിൽ കോടതികൾ (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഹ്രസ്വമായ ഒരു പ്രസ്താവന ചെയ്യാൻ സ്പീക്കർ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

6. ശ്രീമതി ശോഭനാ ജോർജ്, അവർ നോട്ടീസ് നൽകിയ 2001–ലെ കേരള മെഡിക്കൽ സർവ്വകലാശാല ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഹ്രസ്വമായ ഒരു പ്രസ്താവന ചെയ്യാൻ സ്പീക്കർ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

7. ശ്രീമതി ശോഭനാ ജോർജ്, അവർ നോട്ടീസ് നൽകിയ 2001–ലെ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ദിവസ വേതന തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഹ്രസ്വമായ ഒരു പ്രസ്താവന ചെയ്യാൻ സ്പീക്കർ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

8. ശ്രീമതി ശോഭനാ ജോർജ്, അവർ നോട്ടീസ് നൽകിയ പി.റ്റി.എ. നടത്തുന്ന പ്രീ പ്രൈമറി സ്കൂൾ അദ്ധ്യാപികമാർക്കും ആയമാർക്കും സമാശ്വാസം നൽകുന്ന 2001–ലെ കേരള ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഹ്രസ്വമായ ഒരു പ്രസ്താവന ചെയ്യാൻ സ്പീക്കർ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

9. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അദ്ദേഹം നോട്ടീസ് നൽകിയ 2001–ലെ കേരള റൈറ്റ് ടു ഇൻഫർമേഷൻ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിച്ചു. പ്രമേയം എതിർക്കപ്പെട്ടതിനാൽ അവതാരകന് ഹ്രസ്വമായ ഒരു പ്രസ്താവന ചെയ്യാൻ സ്പീക്കർ അനുമതി നൽകി. പ്രസ്താവന പൂർത്തിയായില്ല.

ഉച്ചയ്ക്കുശേഷം 12.30–ന് സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.

കെ.ആർ ഉദയഭാനു,
സെക്രട്ടറി.